# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *6 — 09.06.2014- ലെ മറുപടിക്ക്

## സേവനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നത് വഴി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>" പി. ശ്രീരാമകൃഷ്ണൻ:<br>" എസ്. ശർമ്മ:<br>" റ്റി.വി. രാജേഷ്: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സർക്കാർ നല്കിവരുന്ന സേവനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നത് വഴി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാർ കണക്കിലെടുക്കുമോ; | (എ) സർക്കാർ നല്കിവരുന്ന സേവനങ്ങൾ സ്വകാര്യവത്കരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) സർക്കാർ നിർവ്വഹിച്ചു കൊണ്ടിരിക്കുന്ന ഏതെല്ലാം സേവന മേഖലകളാണ് പൊതു-സ്വകാര്യ പങ്കാളിത്തത്തിനായി വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നത്;<br><br>(സി) ഇതിനായി പ്രത്യേക നയത്തിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ വിശദമാക്കാമോ? | പൊതുസ്വകാര്യ പങ്കാളിത്തം സംബന്ധിച്ച നയം രൂപീകരിക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. പൊതു മേഖലയ്ക്കൊപ്പം ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് അധിക വിഭവ സമാഹരണത്തിനുള്ള മാർഗ്ഗമായി താഴെ പറയുന്ന മേഖലകളിൽ പൊതു-സ്വകാര്യ പങ്കാളിത്തം അഭികാമ്യമാണെന്നാണ് ആസൂത്രണ ബോർഡ് ശുപാർശ ചെയ്തിട്ടുള്ളത്.<br><br>**അടിസ്ഥാന സൗകര്യ മേഖലകൾ**<br>1. കാർഷിക മേഖല<br>2. ലഘുധാതു വികസനം<br>3. വ്യാവസായികാവശ്യത്തിനുള്ള ജല വിതരണം |

4. വിദ്യാഭ്യാസവും അനുബന്ധ സൗകര്യങ്ങളും
5. മത്സ്യബന്ധനവും അനുബന്ധ സൗകര്യങ്ങളും
6. വാതക വിതരണവും അനുബന്ധ ജോലികളും
7. ആരോഗ്യമേഖല
8. ഭവനനിർമ്മാണം
9. വ്യാവസായിക പാർക്കുകളും പ്രത്യേക സാമ്പത്തിക മേഖലയും (SEZ)
10. വിവരസാങ്കേതിക പ്രോജക്ടുകൾ
11. ഉൾനാടൻ ജലപാതകൾ
12. ജലസേചനം
13. ഭൂമി പുനരുദ്ധാരണ പ്രോജക്ടുകൾ
14. തുറമുഖങ്ങൾ
15. പവർ സിസ്റ്റംസ്
16. റോഡുകളും പാലങ്ങളും
17. ഖരമാലിന്യ സംസ്കരണം
18. സ്പോർട്സ് & റിക്രിയേഷൻ അടിസ്ഥാന സൗകര്യങ്ങൾ
19. ടൂറിസം & ഹോസ്പിറ്റാലിറ്റി പ്രോജക്ടുകൾ
20. നഗര ഗതാഗതം
21. അഴുക്കുചാൽ നിർമ്മാണം

ഇതിനായി പ്രത്യേക നയത്തിന് രൂപം നല്കുന്നകാര്യം സർക്കാരിന്റെ പരിഗണന യിലാണ്

സെക്ഷൻ ഓഫീസർ